പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 4413

26.06.2014-ൽ മറുപടി നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ ബഷീർ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം നടപ്പ് വർഷം പൂർത്തിയാക്കിയാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (എ) 2015ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതർ ഇല്ലാത്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ, സർക്കാർ ആവിഷ്കരിച്ച് റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015. വീട് വയ്ക്കാൻ അനുയോജ്യമായ മൂന്ന് സെന്റ് ഭൂമി വീതം പതിച്ച് കൊടുത്തു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.നടപ്പ് വർഷം പദ്ധതിയുടെ രണ്ടാം ഘട്ട പട്ടയ വിതരണം നടത്തുന്നതിനുള്ള നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നത്.രണ്ടാം ഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഭൂമികളിൽ വാണിജ്യ പ്രാധാന്യമുള്ളവ ഒഴിച്ചിട്ടശേഷം പദ്ധതിക്ക് അനുയോജ്യമായതും പതിവിന് വിധേയമായതുമായ മുഴുവൻ ഭൂമിയും കണ്ടെത്തി പരമാവധി ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടത്തിൽ പട്ടയം നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്ത് ലഭ്യമായ മുഴുവൻ സർക്കാർ ഭൂമികളുടേയും കണക്കെടുപ്പിനും വിവരം |

........2

ശേഖരിക്കുന്നതിനുമായി റവന്യൂ സർവ്വേ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മൂന്നുമാസം ദൈർഘ്യമുള്ള ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിന് ഉദ്ദേശിക്കുന്നു. സ്പെഷ്യൽ ഡ്രൈവിലൂടെ സർക്കാർ ഭൂമികളിലെ അനധികൃത കൈയ്യേറ്റങ്ങൾ പരമാവധി ഒഴിപ്പിച്ചെടുത്ത് പ്രസ്തുത പദ്ധതിക്കായി വിനിയോഗിക്കുന്നതാണ്.

പാട്ടക്കാലാവധി തീർന്നതും, പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതുമായ ഭൂമികളും HML ൽ നിന്നും തിരികെ ലഭിക്കുന്ന ഭൂമിയും 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' ക്കായി ഉപയോഗപ്പെടുത്തുന്നതാണ്.

പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാനതല സ്പെഷ്യൽ സെൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ഡപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഏകോപിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഭൂമി തരപ്പെടുത്തുന്നതിനുള്ള പ്രത്യേക കർമ്മ പരിപാടികൾ നടന്നു വരുന്നു.

C.K.V. Kumar

സെക്ഷൻ ഓഫീസർ